20.03.2018 ന് കൽപ്പറ്റ എം.ജി.ടി ഹാളിൽ നടന്ന ജില്ലാ പി.ആർ.എമ്മിന്റെ മിനുട്സ്

1. സാരാംശ് തീമാറ്റിക്ക് ഇവന്റിൽ ഒന്നാം സ്ഥാനം നേടിയ വയനാട് ജില്ലാ മിഷൻ ടീം അംഗങ്ങളെ യോഗത്തിൽ അഭിനന്ദിച്ചു.

2. കുടുംബശ്രീ സ്കൂൾ ഫോമുകൾ, അപേക്ഷകൾ എന്നിവ തരാത്ത സി.ഡി.എസുകൾ അടിയന്തിരമായി ഈ കാര്യങ്ങൾ ജില്ലാ മിഷനിൽ എത്തിക്കാനുള്ള നിർദ്ദേശം നൽകി.

3. കുടുംബശ്രീയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായുള്ള സംയോജന സാധ്യതകളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി സി.ഡി.എസിലേക്ക് നൽകിയിട്ടുള്ള ഗൂഗിൾ സ്പ്രെഡ് ഷീറ്റ് 21.03.2018 ന് പൂർത്തിയാക്കാൻ നിർദ്ദേശിച്ചു.

4. കുടുംബശ്രീ വാർഷികം ഏപ്രിൽ ആദ്യവാരം ആരംഭിക്കുകയാണ്. ആയതിന്റെ വിശദമായ പരിപത്രം ജില്ലാ മിഷൻ സി.ഡി.എസുകൾക്ക് നൽകുന്നതാണ്. സി.ഡി.എസ് തലത്തിൽ തദ്ദേശ ഭരണ അദ്ധ്യക്ഷന്മാർ, ഭരണ സമിതി അംഗങ്ങൾ, സാംസ്കാരിക പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിപുലമായ സംഘാടകസമിതി രൂപീകരിച്ച് ഓരോ ഗ്രാമ, നഗര പ്രദേശങ്ങളെയും ഉത്സവമാക്കി മാറ്റുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം

5. പലിശ സബ്സിഡി (അയൽകൂട്ടം, ജെ.എൽ.ജി) അപേക്ഷകൾ 22.03.2018 ന് മുമ്പായി ജില്ലാ മിഷനിൽ എത്തിക്കാൻ നിർദ്ദേശിച്ചു.

6. മാച്ചിംഗ് ഗ്രാന്റ് അപേക്ഷകൾ 22.03.2018മുമ്പായി ജില്ലാ മിഷനിൽ എത്തിക്കാൻ നിർദ്ദേശിച്ചു.

7. ജില്ലാ മിഷനിൽ നിന്നും വിതരണം ചെയ്ത വിവിധ ഫണ്ടുകളുടെ യു.സി 22.03.2018 ന് ജില്ലാ മിഷനിൽ നൽകേണ്ടതാണ്.

അഗതി രഹിത കേരളം

1. അഗതി രഹിത കേരളം പദ്ധതിയുടെ ഭാഗമായുള്ള പ്രത്യേക ഗ്രാമസഭയും മെഡിക്കൽ ക്യാമ്പും മാർച്ച് 31 ന് മുമ്പ് നടത്താൻ നിർദ്ദേശം നൽകി.

2. പഴയകാല ആശ്രയ പദ്ധതികളുടെ കാസ് ഓഡിറ്റിംഗ് നടത്തി റിപ്പോർട്ട് വാങ്ങുന്നതിന് തീരുമാനിച്ചു.

3. 04.04.2018 ന് മുമ്പ് ആശ്രയ പ്രോജക്ടുകളുടെ പ്രൊപ്പോസൽ ജില്ലാ മിഷനിൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകി.

ബാലസഭ

1. ജില്ലാതല ചരിത്രഗ്രന്ഥ രചന നടന്നു വരുന്നു. ആയതിലേക്ക് ഓരോ സി.ഡി.എസിലും ഉള്ള സ്ഥലങ്ങളുടെ പേരും ആ സ്ഥലനാമ ചരിത്രവും എഴുതി മാർച്ച് 31 നകം ജില്ലാ മിഷനിൽ എത്തിക്കണം

2. ബാലസഭയുടെ ജില്ലാതല പുസ്തകത്തിലേക്ക് ഓരോ പഞ്ചായത്തിന്റെയും പരിധിയിലുള്ള ചരിത്ര സ്മാരകങ്ങൾ, സ്ഥലങ്ങൾ വസ്തുക്കൾ മുതലായവയുടെ ക്ലാരിറ്റിയുള്ള ഫോട്ടോ എടുത്ത് മാർച്ച് 31നകം ജില്ലാ മിഷനിൽ ലഭ്യമാക്കേണ്ടാണ്.

3. ഏപ്രിൽ 5നകം ഓരോ വാർഡിലും ചുരുങ്ങിയത് മൂന്ന് ബാലസഭയെങ്കിലും രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം എ.ഡി.എസുകൾക്ക് നൽകാൻ സി.ഡി.എസുകളോട് ആവശ്യപ്പെട്ടു.

ബഡ്സ്

1. ബഡ്സ് ബി.ആർ.സി സ്ഥാപനങ്ങൾക്ക് 201819 സാമ്പത്തിക വർഷത്തെ പ്ലാനിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സി.ഡി.എസുകൾക്ക് നിർദ്ദേശം നൽകി.

എം.കെ.എസ്.പി

1. 10000 കർഷകർക്ക് ഫാഷൻ ഫ്രൂട്ട് തൈ വിതരണം ചെയ്ത് കൃഷി ചെയ്യുന്നത് സംബന്ധിച്ച് ചർച്ച ചെയ്തു.
2. ഹരിത കേരള മിഷനുമായി സഹകരിച്ച് ഹരിതശ്രീ അയൽകൂട്ടം രൂപീകരിക്കാൻ തീരുമാനിച്ചു.
3. കുടുംബശ്രീ ചിക്കൻ പദ്ധതി അവലേകനം നടത്തി
4. മുഴുവൻ സി.ഡി.എസുകളിലും ആഴ്ച ചന്തകൾ നടപ്പിലാക്കാൻ തീരുമാനിച്ചു.
5. ഭക്ഷ്യ സുരക്ഷ ഭവനം പുരോഗതി വിലയിരുത്തി

എം.ഇ

1. അനുവദിച്ചിട്ടുള്ള ആർ.എഫ് യൂണിറ്റുകൾക്ക് നൽകി യു.സി ജില്ലാ മിഷനിൽ സമർപ്പിക്കണം
2. ഹരിത കർമ്മസേന അംഗങ്ങൾക്ക് പരിശീലനം നടത്തുന്നതിന് തിയതി തീരുമാനിച്ച് ജില്ലാ മിഷനിൽ നൽകണം
3. ഹരിത കർമ്മ സേന അംഗങ്ങൾക്കുള്ള എക്സ്പോഷർ വിസിറ്റ് രണ്ട് പഞ്ചായത്ത് ഒന്നിച്ച് പോകുന്നതിന്റെ അറിയിപ്പ് യൂണിറ്റുകൾക്ക് നൽകണം
4. കൽപ്പറ്റ ബ്ലോക്കിലെ സി.ഡി.എസുകൾ ഫുഡ് ഫെസ്റ്റ് നടത്തുന്നതിന് ആവശ്യമായ മുന്നൊരുക്കം നടത്തി 22.03.2018 ന് ജില്ലാ മിഷനിൽ അറിയിക്കണം
5. മാനന്തവാടി ബ്ലോക്കിലെ സി.ഡി.എസുകൾ വള്ളിയൂർ കാവിൽ മേള സംഘടിപ്പിക്കുന്നതിന് ആവശ്യമായ മുന്നൊരുക്കം നടത്തണം

ജില്ലാ മിഷൻ കോർഡിനേറ്റർ,
കുടുംബശ്രീ മിഷൻ, വയനാട്

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
തദ്ദേശ സ്വയംഭരണ അദ്ധ്യക്ഷന്മാർ
മെമ്പർ സെക്രട്ടറിമാർ
സി.ഡി.എസ് ചെയർപേഴ്സൺ